362/LSG/19

**"ഭരണഭാഷ-മാതൃഭാഷ"**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണവകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം. ഇ2/92/2018/എൽ.പി.എസ്/സിഇ/തസ്വഭവ    തീയതി: 04.01.2019

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം – ഭൂസ്വത്ത് വിവരങ്ങൾ (2018-19) – സമയബന്ധിതമായി – സമർപ്പിക്കുന്നത് – സംബന്ധിച്ച്

സൂചന:- 28/12/2018 ലെ സർക്കാർ സർക്കുലർ നം. 123/552/2018

********

തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ വരെയുള്ള ജീവനക്കാരുടെ 2018-2019 സാമ്പത്തിക വർഷത്തെ ഭൂസ്വത്ത് വിവരം 2019 ജനുവരി 15 നു മുമ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സമർപ്പിക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

1. ദക്ഷിണ/ഉത്തര മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ എന്നിവർ നേരിട്ട്, ഭൂസ്വത്ത് വിവരം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

2. കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ എക്സിക്യുട്ടീവ് എഞ്ചിനീയർമാർ ടി കാര്യാലയത്തിലെ ചീഫ് എഞ്ചിനീയർ മുഖേനയും, ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/പി.ഐ.യു എന്നിവിടങ്ങളിലെ എക്സിക്യുട്ടീവ് എഞ്ചിനീയർമാർ അതാത് ദക്ഷിണ/ഉത്തര മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ മുഖേനയും, ഭൂസ്വത്ത് വിവരം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

3. കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർമാർ, ടി കാര്യാലയത്തിലെ ചീഫ് എഞ്ചിനീയർ മുഖേനയും, ജില്ലാ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത്/ പി.ഐ.യു എന്നിവിടങ്ങളിലെ അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർമാർ ടി കാര്യാലയങ്ങളിലെ എക്സിക്യുട്ടീവ് എഞ്ചിനീയർമാർ മുഖേനയും, കോർപ്പറേഷനുകൾ/ദക്ഷിണ/ഉത്തര മേഖലകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർമാർ ടി കാര്യാലയങ്ങളിലെ

സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ മുഖേനയും ഭൂസ്വത്ത് വിവരം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

4. കെ.എസ്.ആർ.ആർ.ഡി.എ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ, ടി കാര്യാലയത്തിലെ ചീഫ് എഞ്ചിനീയർ മുഖേനയും, ജില്ലാ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് /ഗ്രാമ പഞ്ചായത്ത്/ പി.ഐ.യു എന്നിവിടങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ ടി കാര്യാലയങ്ങളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ മുഖേനയും, കോർപ്പറേഷനുകൾ/ ദക്ഷിണ/ഉത്തര മേഖലകൾ/ മുനിസിപ്പാലിറ്റികൾ എന്നീ ഓഫീസുകളിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർ ടി കാര്യാലയങ്ങളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ മുഖേനയും ഭൂസ്വത്ത് വിവരം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

5. ഈ വകുപ്പിൽ ജോലി ചെയ്യുന്ന ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ് ക്ലാർക്ക്മാർ, സീനിയർ ക്ലർക്കുമാർ, ക്ലാർക്കുമാർ, ടൈപ്പിസ്റ്റുമാർ, ഓവർസീയർമാർ, ഡ്രൈവർമാർ എന്നീ ഉദ്യോഗസ്ഥർ അതാത് നിയന്ത്രണ അധികാരിയുടെ കാര്യാലയത്തിൽ ഭൂസ്വത്ത് വിവരം സൂക്ഷിക്കേണ്ടതും, ആയത് ലഭിച്ചിട്ടുണ്ടെന്ന് നിയന്ത്രണ അധികാരികൾ ഉറപ്പ് വരുത്തേണ്ടതുമാണ്. കൂടാതെ പ്രസ്തുത വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

6. ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ട ഭൂസ്വത്ത് വിവരം അതാത് നിയന്ത്രണ അധികാരികൾ തങ്ങളുടെ കീഴിലുള്ള കാര്യാലയങ്ങളിൽ നിന്നും ശേഖരിച്ച് തസ്തിക, കാര്യാലയം എന്നിവയായി വേർതിരിച്ച് കവറിംഗ് ലെറ്റർ സഹിതം ടി കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

7. ജീവനക്കാർ ഭൂസ്വത്ത് വിവരം സമർപ്പിക്കുമ്പോൾ, സീൽഡ് കവറിന് പുറത്ത് പേര്, കാര്യാലയം, തസ്തിക എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. ആയത് നിയന്ത്രണ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

8. 2019 ജനുവരി 15 നകം ഭൂസ്വത്ത് വിവരം സമർപ്പിക്കാത്ത ജീവനക്കാർക്കെതിരെയും, നിയന്ത്രണ അധികാരികൾക്കെതിരെയും വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

9. 2019 ജനുവരി 15 നകം ഭൂസ്വത്ത് വിവരം സമർപ്പിക്കാത്ത ജീവനക്കാരുടെ വിവരങ്ങൾ അതാത് നിയന്ത്രണ അധികാരികൾ ഔദ്യോഗികമായി ഈ കാര്യാലത്തെ അറിയിക്കേണ്ടതാണ്.

10. 24/01/2017 ലെ സ.ഉ(കൈ)നം. 32/2007 പൊ.ഭ.വ ഉത്തരവ് പ്രകാരം സ്വത്ത് വിവരങ്ങൾ സംബന്ധിച്ച പത്രികാ സമർപ്പണം ഓൺലൈൻ വഴി (ഇന്റർനെറ്റ് മുഖേന) നടത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ധനകാര്യ (രഹസ്യ) വകുപ്പിൽ പത്രിക സമർപ്പിക്കുവാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥർ 2018 ലെ പത്രികാ സമർപ്പണം 2019 ജനുവരി 15 നകം ഓൺലൈൻ വഴി നടത്തേണ്ടതാണ്. പ്രസ്തുത ഉദ്യോഗസ്ഥർ കടലാസ് മുഖേന പത്രിക സമർപ്പിക്കേണ്ടതില്ല.

11. ജീവനക്കാരുടെ ഭൂസ്വത്ത് വിവരം ഈ സർക്കുലറിന് ചുവടെ ചേർത്തിരിക്കുന്ന ഫോർമാറ്റിൽ ഈ കാര്യാലയത്തിൽ സമർപ്പിക്കുമ്പോൾ ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ച് സമർപ്പിക്കേണ്ടതാണ്.

| ക്രമ നം. | പേര് | തസ്തിക | ഓഫീസ് | റിമാർക്സ് |
|---|---|---|---|---|
| | | | | |

12. 2019 ജനുവരി 15 ന് ശേഷം ലഭിക്കുന്ന ഭൂസ്വത്ത് വിവരം സ്വീകരിക്കുന്നതല്ല.

വിശ്വസ്തതയോടെ,

**ചീഫ് എഞ്ചിനീയർ**

എൻ.പി/